# ഗവ:വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ മമ്പാട്

വണ്ടൂർ വിദ്യാഭ്യാസ ജില്ല,മലപ്പുറം

# അക്കാദമിക് മാസ്റ്റർപ്ലാൻ






Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ – മലയാളം

| SL | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം പഠനപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമ്മാണം<br>4. വാക്യനിർമ്മാണം<br>5. പഠനപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് | 1 വർഷം | മലയാളം ടീച്ചർ | General fund |
| 2. | സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂലമനോഭാവം വളർത്തൽ | 1. ക്ലാസ് വായനാ കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തക വർഷം<br>4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>5. വായനയ്ക്കായി വാർഷിക പദ്ധതി ഓരോ ക്ലാസിലും വായനാദിവസം തീരുമാനിക്കൽ<br>6. ജന്മദിനപുസ്തകം | വർഷത്തിൽ മൂന്ന് | മലയാളം ടീച്ചർ | P.T.A |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| | | 7. പത്രവായന<br>8. ലീഡിംഗ്സ് പ്രത്യേകതകൾ കുറിമാനങ്ങൾ<br>9. സംവാദ നാടകം | | | | |
| 3. | സാഹിത്യാസ്വാദനം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട (പകർത്തനം, ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കൽ | വർഷത്തിൽ - 2 | മലയാളം ക്ലബ്ബ് | | |
| 4. | സർഗ്ഗശേഷി വളർത്തൽ | വായനാനുഭവം പങ്കുവെക്കൽ, സാഹിത്യ ക്വിസ്, ശില്പശാല, കഥ, കവിതാ കവിതാലാപന മത്സരം, ക്വിസ്, നല്ല സൃഷ്ടികൾ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 1<br>മാസത്തിൽ 1.<br>[illegible]ത്തിൽ 1 | വിദ്യാരംഗം | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | പുസ്തകചർച്ച<br>പുസ്തകാസ്വാദനം<br>അമ്മമാർക്കൊരു<br>പുസ്തകം<br>ഇ- വായന | ആഴ്ചയിലൊരിക്കൽ | | |
| 5. | പത്രവായന | ഓരോ ക്ലാസിനും<br>ഓരോ പത്രം<br>രാവിലെ പ്രധാന<br>പത്രവാർത്ത<br>കൾ അവതരണം<br>പത്രക്വിസ് | ദിവസേന<br>ആഴ്ചയിൽ<br>ഒരു ദിവസം | മലയാളം<br>ടീച്ചർ | General fund |
| 6. | ദിനാചരണം | വിവിധ ക്ലബ്ബു<br>കളുടെ വികസനം.<br>ജൂൺ മുതൽ മാർച്ച്<br>വരെ ഉള്ള പ്ര<br>ധാനദിനാചരണ<br>ങ്ങൾ [illegible]<br>ത്തനമായി സംഘ<br>ടിപ്പിക്കൽ | June-<br>To<br>March | S.R.G | P.T.A |
| 7. | മനഃപാഠ<br>മാക്കാനുള്ള<br>കഴിവ് നേടൽ | ഹൈസ്കൂൾ ക്ലാസ്സു<br>കളിലെ കവിതാ<br>പാഠഭാഗങ്ങ<br>ളുടെ ബോധത്തോ<br>ടെ ചൊല്ലുന്ന<br>ആസ്വദിക്കാനു<br>ള്ള അവസര<br>മൊരുക്കൽ | June-<br>march | മലയാളം<br>ടീച്ചർ | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 8. | ശാസ്ത്രീയ കൃഷികളെ കുറിച്ചുള്ള അവബോധം നേടൽ | അവതരണം, ചർച്ച റിപ്പോർട്ട് തയ്യാറാക്കൽ | October മാസം | വിദ്യാലയം | P.T.A |

# ARABIC- Master Plan

GVHSS Mampad

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അറബി പഠിക്കുന്ന മുഴുവൻ കുട്ടികളിലും വായനാശീലം വളർത്തുക. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് മികച്ച വായനക്കാരനാവുക. | ദിനേന ഉപയോഗിക്കുന്ന അറബി പദങ്ങൾ ശേഖരിക്കുക, ചിത്രകഥാ പ്രദർശനം, കുട്ടിക്കഥകൾ പൂരിപ്പിക്കുക, വ്യത്യസ്ത വിഷയങ്ങൾക്കാസ്പദമായ പദങ്ങൾ കണ്ടു പിടിക്കുക. | ഒരു മാസം | സബ്ജക്ട് കൗൺസിൽ | SRG & PTA |
| 2 | പദങ്ങളിൽ നിന്ന് വാക്യങ്ങളിലേക്ക് അർത്ഥപൂർണ്ണമായ വാചകങ്ങൾ നിർമിക്കൽ. | കഥകൾ, ചിത്രകഥകൾ,കവിതകൾ etc. എന്നിവയുടെ വായന. അറബിക് വായനാ കോർണർ. | 6 മാസം (ജൂൺ - നവം.) | സബ്ജക്ട് കൗൺസിൽ | അധ്യാപകർപൂർവ്വ വിദ്യാർത്ഥികൾ. |
| 3 | എഴുത്ത്- എഴുതാനുള്ള കഴിവ് വികസിപ്പിക്കൽ. | ഓരോ ക്ലാസിലും പാഠഭാഗവുമായി ബന്ധപ്പെട്ട് കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് മത്സരങ്ങൾ | ഒരു വർഷം. | അറബിക് ടീച്ചർ | ഇല്ല |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | നടത്തി മികവ് തെളിയിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുക | | | |
| 4 | അറബി സംസാരിക്കുവാനുള്ള കഴിവ് വളർത്തുക. | ഓരോ ക്ലാസിലും ദിനേന അറബിക് ചോദ്യാവലി നടത്തുക. ക്ലാസിൽ വായനാ കൂട്ടം രൂപീകരിക്കുക. അറബിക് സംഭാഷണം, സാഹിത്യ വായന മത്സരങ്ങൾ നടത്തുക. | മാസത്തിൽ ഒരിക്കൽ. | അറബിക് ടീച്ചർ | ഇല്ല |
| 5 | അറിവിൻ തിളക്കം- അറബിയിൽ അറിവ് നേടുക | മാസാന്തര ക്വിസ് കാർണിവൽ- ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസ് ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുക. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു. അതിൽ നിന്നും ശരിയുത്തരം കണ്ടെത്തി ഒരാൾക്കു സമ്മാനം | ജൂൺ- ഡിസംബർ | അറബിക് ടീച്ചർ | ഇല്ല |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | നൽകുന്നു | | | |
| 6 | സർഗ്ഗശേഷി വളർത്തൽ | അക്ഷരശ്ലോകം,നാടകം, ഏകാഭിനയം, രചനകൾ, ഡിക്ഷനറി നിമ്മാണം | സെപതംബർ - ഡിസംബർ | സബ്ജക്ട് കൗൺസിൽ | ഇല്ല |

Scanned with OKEN Scanner

Urdu

# ആമുഖം

ഇൻഡോ ആര്യൻ ഭാഷാഗോത്രത്തിലെ പ്രധാന ഭാഷകളിലൊന്നാണ് ഉർദു അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന സംഗീത സുന്ദര ഭാഷയായ ഉർദു ഗസലുകളുടെയും സമന്വയത്തിന്റെയും മാനവസാഹോദര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയായാണ്. ഉർദു അറിയപ്പെടുന്നത്.

Govt VHSS Mampad -ൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക , ഭൗതിക സാമൂഹ്യ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു

## പൊതുലക്ഷ്യങ്ങൾ

→ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.

→ ഉർദു പഠിക്കുന്ന എല്ലാകുട്ടികൾക്കും 10-ാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കുവാനും കേട്ടെഴുതുവാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്തുവാനുമുള്ള ശേഷി ഉറപ്പാക്കുക.

→ സ്കൂൾ വിട്ട് പുറത്ത് വരുന്ന മുഴുവൻ ഉർദു പഠിച്ച കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയു

Scanned with OKEN Scanner

ഒന്ന് ഉറപ്പ് വരുത്തുക.

→ വിവിധ ഭാഷാപരമായ കഴിവുകൾ കഴിവുകൾ ആവിഷ്കരിക്കുവാനും അനുബന്ധിതമായുള്ള കഴിവ് നേടുക

→ എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.

→ 10-ാം തരത്തിൽ ഉർദു പഠിപ്പിക്കുന്ന എല്ലാ കുട്ടികൾക്കും എസ്.എസ്.എൽ.സി പരീക്ഷയിൽ എ പ്ലസ് ഗ്രേഡ് ലഭിക്കും വിധം ഉയർന്ന നിലവാരത്തിലെത്തിക്കുക.

→ കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും രചനാശേഷികൾക്ക് പ്രോത്സാഹനം നൽകുക.

→ വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

## പ്രവർത്തന പദ്ധതി മാർഗരേഖ.

| ക്രമനമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമ. | ഫണ്ട്. | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1. | മീറ്റ് ആവാസ് വായന | വായനാ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ഉർദു പത്രങ്ങൾ വായനാ കാർഡുകൾ ഇവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | സബ്ജക്ട് കൗൺസിൽ | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |
| 2. | ഗുൽദസ്ത കൈയെഴുത്ത് മാസിക | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികവുറ്റതും ഭംഗിയുള്ളതുമായ കൈയെഴുത്ത്, എഡിറ്റിംഗ് കാണാനിടം സർഗാത്മകത വളർത്താനുള്ള ശേഷി. | ഒക്ടോ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം. സബ്ജക്ട് കൗൺസിൽ |

Scanned with OKEN Scanner

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഫലം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 2 | | • കയ്യെഴുത്ത് മാസിക • ചുവർ പത്രിക നിർമ്മാണം • വായനാ കാർഡ് നിർമ്മാണം | | | | |
| 3. | ഉറുദു ടൈപ്പിംഗ് | • കുട്ടികൾക്ക് ഉറുദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റ് എടുത്ത് വായനാ കാർഡ് തുടങ്ങിയവ നിർമ്മിക്കൽ | ഒരു വർഷം | സബ്ജക്ട് കൗൺസിൽ | | എച്ച്. എം. - സബ്ജക്ട് കൗൺസിൽ |
| 4. | ഹമാരാ സമാചാർ ഉറുദു | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ. | ടേം 1 വീതം | ഉറുദു ക്ലബ്ബ് | | എച്ച്. എം. - സബ്ജക്ട് കൗൺസിൽ. |
| 5 | ടാലന്റ് ലാബ് മീഡിയ. ഡിജിറ്റൽ മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിയിട്ട് മാഗസിൻ തയ്യാറാക്കൽ | അദ്ധ്യയന വർഷം | ഉറുദു ക്ലബ്ബ് | | എച്ച്. എം. സബ്ജക്ട് കൗൺസിൽ |
| 6 | ഉറുദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായും ഉറുദു വിഷയ സംബന്ധമായ പൊതു വിജ്ഞാനം | എല്ലാ മാസവും | ഉറുദു ക്ലബ്ബ് | | എച്ച്. എം., സബ്ജക്ട് കൗൺസിൽ. |
| | | കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | | | | |
| 7 | ഗസൽ & മുശാഇറ | ഉറുദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതങ്ങളെയും പരിചയപ്പെടുത്തുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ ആലാപനവും. | അദ്ധ്യയന വർഷം | ഉറുദു സബ്ജക്ട് കൗൺസിൽ | | എച്ച്. എം. - സബ്ജക്ട് കൗൺസിൽ |
| 8 | സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാപരമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് വിദഗ്ധരെ ഉൾപ്പെടുത്തി ക്യാമ്പുകൾ നടത്തൽ | അദ്ധ്യയന വർഷം. | ഉറുദു സബ്ജക്ട് കൗൺസിൽ | | എച്ച്. എം. സബ്ജക്ട് കൗൺസിൽ |



Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| 9 | ഷോർട്ട് ഫിലിമുകൾ | കുട്ടികളിൽ സർഗ്ഗാത്മക കഴിവും അവബോധം ഉണ്ടാക്കുക പഠിപ്പിക്കാൻ എളുപ്പം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ | അദ്ധ്യയന വർഷം വിവിധ സന്ദർഭങ്ങളിൽ | ഉറുദു ക്ലബ്ബ് കൗൺസിൽ | | എച്ച്. എം. സബ്ജക്റ്റ് കൗൺസിൽ |
| 10 | ഹമാരി സബാൻ ഉറുദു ദിനം | ടാലന്റ് വിദ്യാർത്ഥികളെ ഭാഷാ സെമിനാർ ഒരുക്കൽ പതിപ്പ് | നവംബർ 9 | ഉറുദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്. എം. സബ്ജക്റ്റ് കൗൺസിൽ |
| 11 | വായനാ ശക്തിപ്പെടുത്തൽ | കുട്ടി വായന സാമൂഹിക വായന, അനുസ്മരണം, പുസ്തക ചർച്ച, ക്വിസ് മത്സരം, മെഗാ ക്വിസ്. | അദ്ധ്യയന വർഷം. | പി.ടി.എ വിദ്യാർത്ഥികൾ, ഉറുദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്. എം. സബ്ജക്റ്റ് കൗൺസിൽ. |
| 12 | ലൈബ്രറി നവീകരണം | പ്രാദേശിക പാഠ ഗ്രന്ഥങ്ങൾ, സംഭാവന ശേഖരിക്കൽ | അദ്ധ്യയന വർഷം | ഉറുദു സബ്ജക്ട് കൗൺസിൽ | | എച്ച്. എം. സബ്ജക്റ്റ് കൗൺസിൽ. |
| 13 | അഭിമുഖ സംഭാഷണം | ഉറുദു സംസാരിക്കുന്നവരുമായും സാഹിത്യകാരന്മാരുമായും അഭിമുഖ സംഭാഷണം. | പാഠഭാഗവുമായി ബന്ധപ്പെട്ട് | ഉറുദു സബ്ജക്ട് കൗൺസിൽ | | എച്ച്. എം. സബ്ജക്റ്റ് കൗൺസിൽ. |
| 14 | ദിനാചരണങ്ങൾ | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭാഷാശേഷി വളർത്തുന്നതിന് സർഗ്ഗാത്മകത വളർത്തുന്നതിന് | അതാത് ദിനാചരണങ്ങളിൽ | ഉറുദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്. എം. സബ്ജക്റ്റ് കൗൺസിൽ |
| 15 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി. വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | അദ്ധ്യയന വർഷം. | ഉറുദു സബ്ജക്ട് കൗൺസിൽ | പ്രതീക്ഷിത | എച്ച്. എം. സബ്ജക്റ്റ് കൗൺസിൽ |

GVHSS Mampad.

Scanned with OKEN Scanner

# ACADEMIC MASTER PLAN 2025– 2026

## ENGLISH

| SL No | Aims | Problems | Activities | Time duration |
|---|---|---|---|---|
| 1 | Improve the learning level of below average students | Many students are very backward in English language | Develop strategies and resources to support language acquisition skill. Regular monitoring of students progress. Conduct term end evaluation to check their progress | 1 year |
| 2 | Improve communication skills | Many students are very poor in reading and writing | Provide more opportunities in class room to communicate in English | 1 year |
| 3 | To inculcate wide reading habit among students | Many learners are not interested in reading books | Introduce literary books from library like novels, stories, poems etc and create a reading habit. Moreover English newspaper reading, magazines, watch English | 1 year |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | | | news channels etc. | |
| 4 | Make them able to write Letter writing/Diary writing/Speech/Poem appreciation/News report/Review/Write up/Narration/Notice Making/Profile Writing etc. | Learners didn't get much practice in lower classes | Give them chance to study them in class room. Provide more activities of the same in class room itself. | 1 year |
| 5 | Usage of ICT in class room learning | | Provide more opportunities by using ICT to interact with learners | 1 year |

Scanned with OKEN Scanner

# वार्षिक आयोजन-रूपरेखा

| कक्षा - 8 | 9 | 10 |
|---|---|---|
| जून - इकाई - 1<br>पत्ते - पत्ते (पेड़)<br>(जूलिया और लूना)<br>जून - 5<br>पर्यावरण दिवस | जून - इकाई - 1<br>जिएँ जी भर ....<br>(झटपट और नटखट) <br>जून - 5 - पर्यावरण दिवस | जून - इकाई - 1<br>(शिफरों की जुगलबंदी) (खिड़की)<br>(ज़िंदगी का सफर)<br>जून - 5 - पर्यावरण दिवस |
| जुलाई - इकाई - 2<br>पलते रिश्ते<br>(हाची की कहानी)<br>जुलाई - 19<br>वाचन दिवस<br>जुलाई - 31 -<br>प्रेमचंद जयंती | जुलाई - इकाई - 1<br>(बहुत दिनों के बाद)<br>(बूढ़ी काकी)<br>वाचन दिवस,<br>प्रेमचंद जयंती | जुलाई - इकाई - 1<br>(रैन बसेरे में ---)<br>वाचन दिवस,<br>प्रेमचंद जयंती |
| अगस्त - इकाई-2<br>(बाबा और बाबा की छड़ी)<br>इकाई - 3 - (जब हम धीरे चलते हैं)<br>अगस्त - 15<br>स्वतंत्रता दिवस | अगस्त - इकाई - 2<br>हरियाली की छाव में<br>(घर)<br>स्वतंत्रता दिवस | अगस्त - इकाई - 2<br>(उम्मीद की दुनिया)<br>मेरी दुनिया के तमाम बच्चे<br>स्वतंत्रता दिवस |

Scanned with OKEN Scanner

| 8 | 9 | 10 |
| --- | --- | --- |
| सितंबर - इकाई - 3 (जब हम धीरे चलते हैं -- जारी) इकाई - 3 - खुलते नजारे - बॉस (बाइसिकल थीव्स) सितंबर - 14 हिंदी दिवस | सितंबर - इकाई 2 (फूल) इकाई - 3 - हम एक हैं। (जब गाँधीजी की घडी चोरी चली गई) हिंदी दिवस | सितंबर - इकाई 2 (व्हाइट कैमल) हिंदी दिवस कार्यकालांत मूल्यांकन |
| अक्तूबर - इकाई-3 खुलते नजारे - (मेरी माँ) (सयानी बुआ) इकाई - 4 - साथ चलें गाँधी जयंती - 2/10 | अक्तूबर - इकाई-3 (जन-जन का चेहरा एक) इकाई - 4 - कामयाबी की राह पर (फुटबॉल के दिल का राजा) गाँधी जयंती | अक्तूबर - इकाई-3 दिलों का मिलन (दिल्ली में उनींदें) गाँधी जयंती |
| नवंबर - इकाई-4 सयानी बुआ - जारी | नवंबर - इकाई-4 घर, पेड और तारे की याद | नवंबर - इकाई-3 (मधुर वचन - दोहे) (एक तिनका) |
| दिसंबर - इकाई-4 (कब तक ?) (चौक) कार्यकालांत मूल्यांकन | दिसंबर - इकाई 4 (कब तक ?) कार्यकालांत मूल्यांकन | दिसंबर - इकाई-4 उठती तर्जनी (गैलीलियो) कार्यकालांत मूल्यांकन |
| जनवरी - इकाई - 5 गुज़रते पल - (खुशबू रचते हैं हाथ) विश्व हिंदी दिवस - | जनवरी - इकाई-5 खुला आसमान राजा और विद्रोही जनवरी - 10 | जनवरी - इकाई-5 प्रकाश की ओर (परी लड़की) विश्व दिवस |

Scanned with OKEN Scanner

③ -

| ⑧ | ⑨ | ⑩ |
|---|---|---|
| दिसंबर - इकाई फरवरी - इकाई-5 (सीरिया की बेटी) | फरवरी - इकाई-5 (बोनफाई) | फरवरी - इकाई-5 (शिला बीनती लड़कियाँ) |
| मार्च - इकाई - पुनरीक्षण (Revision) | मार्च - पुनरीक्षण (Revision) | मार्च - पुनरीक्षण (Revision) |
| | | |

Scanned with OKEN Scanner

സോഷ്യൽ സയൻസ് - മാസ്റ്റർ പ്ലാൻ
ജി.വി.എച്ച്.എസ്.എസ് മൊകാട്

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണച്ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐസിടി സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുക | ഐസിടി വിഭവങ്ങൾ ഓരോ ആശയത്തിനും യോജിച്ചത് ലഭ്യമല്ല | ഐസിടി വിഷയവുമായി ബന്ധപ്പെട്ട കൂടുതൽ വിഭവങ്ങൾ കണ്ടെത്തുക | 1 മാസം | സബ്ജക്ട് കൗൺസിൽ | ഇല്ല |
| 2 | അർത്ഥപൂർണ്ണമായ ഭൂപട വായന കുട്ടികളിൽ വളർത്തിയെടുക്കുക | താഴ്ന്ന ക്ലാസുകളിൽ ഭൂപട വായനയിൽ വേണ്ടത്ര സ്കിൽ ലഭിച്ചിട്ടില്ല | ഭൂപടങ്ങൾ ,അറ്റ്ലസ്, ഗ്ലോബുകൾകൾ, ഐസിടി അധിഷ്ഠിതമായ ഡിജിറ്റൽ അറ്റ്ലസുകൾ ഇടങ്ങിയവ ഉപയോഗിച്ച് കുട്ടികൾക്ക് ഭൂപട വായനയിൽ താല്പര്യമുണർത്തുകയും ഭൂപട വായനയിൽ പ്രാവീണ്യം കൊടുക്കുകയും ചെയ്യുക.<br><br>കേരളം ജില്ലകൾ ,ഇന്ത്യ സംസ്ഥാനങ്ങൾ ,ലോകം വൻകരകൾ എന്നിവയും ആയി ബന്ധപ്പെട്ട അറ്റ്ലസ് നിർമ്മാണ മത്സരങ്ങൾ സംഘടിപ്പിക്കുക | 1 വർഷം | സബ്ജക്ട് കൗൺസിൽ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | ആയിരം രൂപ - എസ് ആർ ജി, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 3 | പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുക | ആനുകാലിക വിവരങ്ങൾ -കുട്ടികൾ വേണ്ടത്ര പരിഗണന കൊടുക്കുന്നില്ല | ആഴ്ചയിലൊരിക്കൽ ആനുകാലിക ചോദ്യങ്ങൾ പത്തെണ്ണം വീതം നൽകി ഉത്തരങ്ങൾ കണ്ടെത്തി വരാൻ പറയുക. മാസത്തിൽ ഒരുതവണ ക്വിസ് കോമ്പറ്റീഷൻ നടത്തുക വിജയികൾക്ക് മികച്ച പ്രോത്സാഹന സമ്മാനങ്ങൾ നൽകുക | 1 വർഷം | സബ്ജക്ട് കൗൺസിൽ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | ഇല്ല |

Scanned with OKEN Scanner

## ദിനാചരണങ്ങൾ - സാമൂഹ്യ ശാസ്ത്ര ക്ലബ്

| ക്രമനമ്പർ | ദിനം | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജൂലൈ **11** ലോക ജനസംഖ്യാദിനം | അമിതമായ ജനസംഖ്യയുടെ ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന പോസ്റ്റർ രചനാ മത്സരം- ക്ലാസ് തലം |
| 2 | ആഗസ്റ്റ് **6** ഹിരോഷിമ ദിനം | യുദ്ധവിരുദ്ധ മനുഷ്യച്ചങ്ങല - എല്ലാ സ്കൂൾ കുട്ടികളെയും അണിനിരത്തിക്കൊണ്ട് ഗ്രൗണ്ടിൽ ഒരു മനുഷ്യച്ചങ്ങലയും അതോടൊപ്പം യുദ്ധവിരുദ്ധ പോസ്റ്ററുകൾ, ബാനറുകൾ എന്നിവ ഉയർത്തിപ്പിടിച്ച് ഒരു യുദ്ധവിരുദ്ധ പ്രതിജ്ഞയും എടുക്കുന്നു |
| 3 | ആഗസ്റ്റ് **15** സ്വാതന്ത്ര്യ ദിനം | പ്രസംഗമത്സരം - ആധുനിക ഇന്ത്യ നേരിടുന്ന വെല്ലുവിളി ക്വിസ് പ്രോഗ്രാം - **1857** മുതൽ സ്വാതന്ത്ര്യം കിട്ടിയ സമയം വരെ ഉള്ള കാലഘട്ടം |
| 4 | ഒക്ടോബർ **2** ഗാന്ധിജയന്തി | ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ഒരു ക്വിസ് പ്രോഗ്രാം |
| 5 | നവംബർ **26** ഭരണഘടനാ ദിനം | ഭരണഘടനയുമായി ബന്ധപ്പെട്ട ഒരു ക്വിസ് പ്രോഗ്രാം |
| 6. | ഡിസംബർ **10** ലോക മനുഷ്യാവകാശ ദിനം | ഡോക്യുമെൻററി പ്രദർശനം - ലോകത്ത് നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ ഉൾപ്പെടുത്തിയ ഒരു ഡോക്യുമെൻററി പ്രദർശനം നടത്തുന്നു |
| 7 | ജനുവരി **26** | റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഒരു ക്വിസ് മത്സരം |

Scanned with OKEN Scanner

### ജി.വി.എച്ച്.എസ്.എസ് മമ്പാട്
### ഗണിതശാസ്ത്രം
### അക്കാദമിക്ക് മാസ്റ്റർപ്ലാൻ

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | ഗണിതപഠനം ലളിതവും രസകരവുമാക്കുക | ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിത വിജയം, ഉല്ലാസ ഗണിതം നടപ്പാക്കുക | 1 വർഷം | സബ്ജക്റ്റ് കൗൺസിൽ,ഗണിതശാസ്ത്ര ക്ലബ് | ഇല്ല | |
| 2 | ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപെടുത്തുക | ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്ന ജ്യാമിതീയ രൂപങ്ങൾ പട്ടികപെടുത്തൽ, (നിത്യോപയോഗസാധനങ്ങൾ) വർക്ക് ഷീറ്റുകൾ നിർമാണം, (അധ്യാപിക, കുട്ടികൾ), സങ്കലന പട്ടിക പ്രദർശനം, വിലവിവര പട്ടിക പ്രദർശനം, കേക്ക്,മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം ലനസ്സിലാക്കൽ കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയകെടുത്തൽ, | 1 വർഷം | സബ്ജക്റ്റ് കൗൺസിൽ,ഗണിതശാസ്ത്ര ക്ലബ് | ഇല്ല | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | പേർ കട്ടിംഗ്സ്, സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം,പത്തിന്റെ കൂട്ടങ്ങളാക്കൽ കല്ല്, ഈർക്കിലി, വള്പ്പൊട്ട്, മഞ്ചാടി ..... ഗ്രൂപ്പുകൾ കൂടിചേർന്ന് സങ്കലനം, കുസൃതികണക്കുകൾ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. സംഖ്യാചാർട്ടുകൾ, സംഖ്യാസ്ലിപ്പുകൾ, സംഖ്യാകേളി, സംഖ്യാമാല, പദസൂര്യൻ ഇവയുടെ നിർമാണം. | 1 വർഷം | സബ്ജക്ട് കൗൺസിൽ,ഗണിതശാസ്ത്ര ക്ലബ് | ഇല്ല |

Scanned with OKEN Scanner

Academic Master Plan for Physics .

## ആമുഖം

ഹൈസ്കൂൾ ഭൗതികശാസ്ത്ര പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങൾ രൂപപ്പെടുത്തുക എന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഉദ്ദേശം. ഫിസിക്സിൽ വിജയിക്കുന്നതിന് വിദ്യാർത്ഥികൾ പഠിക്കേണ്ട പ്രധാന ആശയങ്ങളും കഴിവുകളും പ്ലാൻ തിരിച്ചറിയും.

ഭൗതികശാസ്ത്ര പാഠ്യപദ്ധതിയുടെ സമഗ്രമായ പഠന ലക്ഷ്യങ്ങൾ തിരിച്ചറിയുക, ഭൗതികശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങൾ മനസ്സിലാക്കുക, പ്രശ്നപരിഹാര കഴിവുകൾ വികസിപ്പിക്കുക ശാസ്ത്രീയ അന്വേഷണം പ്രയോഗിക്കുക എന്നിവയെല്ലാം ഇതിൽപ്പെടുന്നു.

ശാസ്ത്രാധ്യാപകർ എന്ന നിലയിൽ ഞങ്ങളുടെ ആശയങ്ങൾ കൂടിയാണ് ഈ മാസ്റ്റർ പ്ലാൻ

## കാഴ്ചപ്പാടുകൾ

* പ്രകൃതി ലോകത്തെ മനസ്സിലാക്കുന്നതിനുള്ള അടിസ്ഥാനം നൽകുന്ന ഒരു ശാസ്ത്രമാണ് ഭൗതികശാസ്ത്രം.
* ഫിസിക്സ് എന്നത് വിദ്യാർത്ഥികളെ എങ്ങനെ വിമർശനാത്മകമായും ക്രിയാത്മകമായും ചിന്തിക്കണമെന്ന് പഠിപ്പിക്കുന്ന ഒരു പ്രശ്നപരിഹാര വിഷയമാണ്.
* ഫിസിക്സ് എന്നത് ഒരു ക്വാണ്ടിറ്റേറ്റീവ് സയൻസ്, അത് പ്രശ്നങ്ങൾ പരിഹരിക്കാൻ വിദ്യാർത്ഥികൾക്ക് ഗണിതശാസ്ത്രം ഉപയോഗിക്കേണ്ടതുണ്ട്.
* ഹൈസ്കൂൾ ലെവലിലെ കോഴ്സിലെ ഉൾപ്പെടുത്തേണ്ട ഉള്ളടക്കം നിർണ്ണയിക്കുക. ആശയങ്ങളുടെയും കഴിവുകളുടെയും പുരോഗതി ഉറപ്പാക്കുക.
* മെക്കാനിക്സ്, വൈദ്യുതിയും കാന്തികതയും, തരംഗങ്ങൾ, ഒപ്റ്റിക്സ് ആധുനിക ഭൗതികശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പരിഗണിച്ച്

Scanned with OKEN Scanner

പഠന ലക്ഷ്യങ്ങളുമായി ഉള്ളടക്കം വിന്യസിക്കുക.

| പൊതുവായ ലക്ഷ്യങ്ങൾ/ ദർശനങ്ങൾ | അനുബന്ധ പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഗണിത ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഉറച്ച അടിത്തറ നൽകുക. | പ്രഭാഷണങ്ങൾ | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സ്കൂൾ |
| * യഥാർത്ഥ ലോകപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിത ശാസ്ത്രം എങ്ങനെ പ്രയോഗിക്കാമെന്ന് വിദ്യാർത്ഥികളെ പഠിപ്പിക്കുക. | ചർച്ചകൾ | അക്കാദമിക് വർഷം | " | |
| * വിദ്യാർത്ഥികളുടെ പ്രശ്നപരിഹാരവും വിമർശനാത്മക ചിന്താശേഷിയും വികസിപ്പിക്കുക. | | " | സ്കൂൾ കൗൺസിലർ & സയൻസ് അധ്യാപകർ | " |
| * പ്രകൃതി ലോകത്തെക്കുറിച്ച് ജിജ്ഞാസയുള്ളവരായി തീരാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക. | പ്രശ്നപരിഹാര വ്യായാമങ്ങൾ<br>ലബോറട്ടറി പരീക്ഷണങ്ങൾ | " | സയൻസ് അധ്യാപകർ | |
| <u>പ്രബോധന തന്ത്രങ്ങളും</u> | <u>വിഭവങ്ങളും</u> | | | |
| പഠന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നതും വിദ്യാർത്ഥികളെ സജീവമായി ഇടപഴകുന്നതുമായ ഉചിതമായ അധ്യാപന രീതികളും ഉറവിടങ്ങളും തിരഞ്ഞെടുക്കുക. | ഫീൽഡ് യാത്രകൾ | | " | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| * അനുയോജ്യമായ പഠന സ്ഥലങ്ങൾ, ഓൺലൈൻ ഉറവിടങ്ങൾ, ഡിജിറ്റൽ സാമഗ്രികൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ തിരിച്ചറിയുക. | | SITC യുടെ സഹായം ആവശ്യാനുസരണം | SITC യുടെ സഹായം ആവശ്യാനുസരണം | |
| **വിലയിരുത്തലും മൂല്യനിർണ്ണയവും** | | | | |
| * വിദ്യാർത്ഥികളുടെ ധാരണയും പുരോഗതിയും അളക്കുന്നതിനുള്ള മൂല്യനിർണ്ണയ തന്ത്രങ്ങളും ഉപകരണങ്ങളും നിർണ്ണയിക്കുക.<br>* നിലവിലുള്ള ഫീഡ്ബാക്ക് നൽകുന്നതിനും പഠന ഫലങ്ങൾ വിലയിരുത്തുന്നതിനും രൂപീകരണ മൂല്യനിർണ്ണയങ്ങളും സംഗ്രഹ മൂല്യനിർണ്ണയങ്ങൾ (ക്വിസുകൾ, Projects) എന്നിവയുടെ മിശ്രിതം ഉൾപ്പെടുത്തുക. | ദിവസേനയുള്ള ക്ലാസ് വർക്ക് ഗ്രൂപ്പ് പ്രവർത്തനങ്ങൾ. | | | Staff Council |
| * പ്രായോഗിക അനുഭവങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ ധാരണ പ്രകടിപ്പിക്കാൻ അനുവദിക്കുന്ന പ്രകടനങ്ങൾ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകൾ ഉൾപ്പെടുത്തുന്നത് പരിഗണിക്കുക. | | | | |

Scanned with OKEN Scanner

| സാങ്കേതികവിദ്യ ഏകീകരണം | | | |
|---|---|---|---|
| * അധ്യാപനവും പഠനവും മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക ഉപകരണങ്ങളും വിഭവങ്ങളും സംയോജിപ്പിക്കുന്നതിനുള്ള വഴികൾ പര്യവേക്ഷണം ചെയ്യുക | ഇൻസ്ട്രക്ഷനൽ സൈറ്റുകൾ. | | |
| * കമ്പ്യൂട്ടർ സിമുലേഷനുകൾ സംവേദനാത്മക വിദ്യാഭ്യാസ Software, ഡാറ്റാ വിശകലന ടൂളുകൾ ഓൺലൈൻ വിദ്യാഭ്യാസ പ്ലാറ്റ്ഫോമുകൾ, വെർച്വൽ ലബോറട്ടറികൾ എന്നിവ പ്രബോധനത്തിന് അനുഭവ സമ്പന്നമാക്കുന്നതിനും ആശയത്തിലൂടെ ധാരണ പ്രോത്സാഹിപ്പിക്കുന്നതിനും ഉപയോഗിക്കുക. | പഠനങ്ങൾ ക്ലാസുകൾ കേൾക്കാനുള്ള അവസരം സൃഷ്ടിക്കുക. പൊതു ചർച്ചകൾ സെമിനാർ | SITC ക്ക് സഹായിച്ച് അധ്യാപകൻ | സ്കൂൾ |
| * വ്യത്യസ്ത തലങ്ങൾ ഉൾപ്പെടുന്ന വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന പഠന ആവശ്യങ്ങൾ പരിഗണിക്കുക. | | | |
| * അധിക പരിശീലന സാമഗ്രികൾ ക്ലാസ്സിന് അപ്പുറത്ത് വ്യക്തിഗത നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടെ ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികൾക്ക് അധിക പിന്തുണ നൽകുക | | | |
| * സ്വതന്ത്ര ഗവേഷണ project കൾ അല്ലെങ്കിൽ സയൻസ് മത്സരങ്ങളിലെ പങ്കാളിത്തം പോലുള്ള വിപുലമായ വിദ്യാർത്ഥികൾക്കുള്ള സമ്പുഷ്ടീകരണ അവസരങ്ങൾ പരിഗണിക്കുക. | Project | | |

Scanned with OKEN Scanner

## പ്രവർത്തന പദ്ധതിയുടെ വിവരണം

ഹൈസ്കൂൾ ഭൗതികശാസ്ത്ര പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതിയിൽ താഴെ പറയുന്ന ഘട്ടങ്ങൾ ഉൾപ്പെടുന്നു.

1. ഓരോ യൂണിറ്റിലും വിദ്യാർത്ഥികൾ പഠിക്കേണ്ട പ്രധാന ആശയങ്ങളും കഴിവുകളും വ്യക്തമാക്കുന്ന ഒരു പാഠ്യപദ്ധതി രേഖ വികസിപ്പിക്കുക.
2. ഓരോ യൂണിറ്റിനും ഒരു കൂട്ടം പാഠ ലക്ഷ്യങ്ങൾ സൃഷ്ടിക്കുക.
3. ഉചിതമായ പാഠപുസ്തകങ്ങളും ഉറവിടങ്ങളും തിരഞ്ഞെടുക്കുക.
4. വിദ്യാർത്ഥികളുടെ പഠനനിലവാരം അളക്കുന്നതിനുള്ള ഒരു കൂട്ടം വിലയിരുത്തലുകൾ വികസിപ്പിക്കുക.
5. അധ്യാപകർക്ക് പ്രൊഫഷണൽ വികസനം നൽകുക.

## സംഗ്രഹം

ഹൈസ്കൂൾ ഫിസിക്സ് പാഠ്യപദ്ധതി വിദ്യാർത്ഥികളെ ലോകത്തിനും അതിനപ്പുറവും തയ്യാറാക്കുന്ന ശക്തവും ആകർഷകവുമായ ഒരു പ്രോഗ്രാം ആയിരിക്കണം. ഈ ഡോക്യുമെന്റിൽ വിവരിച്ചിരിക്കുന്ന അക്കാദമിക് മികവ് ഉയർത്തുന്ന എല്ലാ വിദ്യാർത്ഥികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്ന ഉയർന്ന നിലവാരമുള്ള ഭൗതിക ശാസ്ത്ര പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനുള്ള ഒരു ചട്ടക്കൂട് നൽകുന്നു.

Scanned with OKEN Scanner

# Academic Master plan - Chemistry

## ആമുഖം

ഹൈസ്കൂൾ കെമിസ്ട്രി പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങൾ രൂപപ്പെടുത്തുക എന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഉദ്ദേശം. കെമിസ്ട്രിയിൽ വിജയിക്കുന്നതിന് വിദ്യാർത്ഥികൾ പഠിക്കേണ്ട പ്രധാന ആശയങ്ങളും കഴിവുകളും പ്ലാൻ തിരിച്ചറിയും.

കെമിസ്ട്രി പഠനത്തിന്റെ സമഗ്രമായ ലക്ഷ്യങ്ങൾ തിരിച്ചറിയുക, അടിസ്ഥാന തത്വങ്ങൾ മനസ്സിലാക്കുക, ശാസ്ത്രീയ അന്വേഷണം, പ്രയോഗിക്കുക എന്നിവയെല്ലാം ഉൾപ്പെടുന്നു. ശാസ്ത്രാധ്യാപകർ എന്ന നിലയിൽ ഞങ്ങളുടെ ആശങ്കകൾ കൂടിയാണ് ഈ മാസ്റ്റർ പ്ലാൻ, ഇതിൽ കൂട്ടിച്ചേർക്കലുകൾ ഉണ്ടാകുന്നതാണ്.

## കാഴ്ചപ്പാടുകൾ

→ പദാർത്ഥങ്ങളുടെ അടിസ്ഥാന ഘടകങ്ങളും അവയുടെ വ്യത്യസ്ത വിധത്തിലുള്ള കൂടിച്ചേരലുകളും വ്യക്തമാക്കുന്നു.

→ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരുമിച്ച് പ്രവർത്തിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്ന ഒരു സഹകരണ ശാസ്ത്രമാണ് കെമിസ്ട്രി

→ ഓരോ ഗ്രേഡ് ലെവലിലോ കോഴ്സിലോ ഉൾപ്പെടുത്തേണ്ട ഉള്ളടക്കം നിർണ്ണയിക്കുക, ആശയങ്ങളുടെയും കഴിവുകളുടെയും പുരോഗതി ഉറപ്പാക്കുക.

→ പഠന ലക്ഷ്യങ്ങളുമായി ഉള്ളടക്കം വിന്യസിക്കുന്നു.

Scanned with OKEN Scanner

| പൊതുവായ ലക്ഷ്യങ്ങൾ / ദർശനങ്ങൾ | അക്കാദമിക് പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| → ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഉറച്ച അടിത്തറ നൽകുക | പ്രദർശനങ്ങൾ | അക്കാദമിക് വർഷം. | സയൻസ് അധ്യാപകർ | സ്കൂൾ |
| → യഥാർത്ഥ ലോക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രം എങ്ങനെ പ്രയോഗിക്കാമെന്ന് പഠിപ്പിക്കുക | ചർച്ചകൾ | അക്കാദമിക് വർഷം. | സയൻസ് അധ്യാപകർ | |
| → വിദ്യാർത്ഥികളുടെ വിശകലന ശേഷി വികസിപ്പിക്കുക | പരീക്ഷണങ്ങൾ | അക്കാദമിക് വർഷം. | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| → ശാസ്ത്രപ്രവർത്തനങ്ങളെ കുറിച്ചുള്ള ജിജ്ഞാസ പ്രോത്സാഹിപ്പിക്കുന്നു. | പരീക്ഷണങ്ങൾ | അക്കാദമിക് വർഷം. | സയൻസ് അധ്യാപകർ | സ്കൂൾ |
| <u>പ്രബോധന തന്ത്രങ്ങളും. വിഭവങ്ങളും.</u> | | | | |
| പഠന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്നതും. വിദ്യാർത്ഥികളെ ഫലപ്രദമായി ഇടപഴകുന്നതും. ചെയ്യുന്ന ഉചിതമായ അധ്യാപന രീതികളും. ഉറവിടങ്ങളും. തിരഞ്ഞെടുക്കുക | പ്രസന്റേഷനുകൾ | | സയൻസ് അധ്യാപകർ | |
| → അനുയോജ്യമായ പാഠപുസ്തകങ്ങൾ, ഓൺലൈൻ ഉറവിടങ്ങൾ, മൾട്ടിമീഡിയ സാമഗ്രികൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ തിരിച്ചറിയുക | | | സയൻസ് അധ്യാപകർ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| **വിലയിരുത്തലും മൂല്യനിർണ്ണയവും.**<br>വിദ്യാർത്ഥികളുടെ ധാരണയും പുരോഗതിയും അളക്കുന്നതിനുള്ള മൂല്യനിർണ്ണയ തന്ത്രങ്ങളും ഉപകരണങ്ങളും നിർണ്ണയിക്കുക. | | | | |
| → നിലവിലുള്ള ഫീഡ്ബാക്ക് നൽകുന്നതിനും പഠന ഫലങ്ങൾ വിലയിരുത്തുന്നതിനും രൂപീകരണ മൂല്യങ്ങൾ തിരിച്ചറിയുന്നതിനും. | ക്ലാസ് വർക്ക്, ഗ്രൂപ്പ് പ്രവർത്തനം. | | | |
| → പ്രായോഗിക അപ്ലിക്കേഷനുകളിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ ധാരണ പ്രകടിപ്പിക്കാൻ അനുവദിക്കുന്ന പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകൾ ഉൾപ്പെടുത്തുന്നത് പരിഗണിക്കുക | | | | ക്ലാസ് [illegible] |
| **സാങ്കേതിക വിദ്യയുടെ ഏകീകരണം.**<br>അധ്യാപനവും പഠനവും മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക ഉപകരണങ്ങളും വിഭവങ്ങളും സമന്വയിപ്പിക്കുന്നതിനുള്ള വഴികൾ പര്യവേഷണം ചെയ്യുക | മത്സരങ്ങൾ നടത്തുക. | | | |
| → കമ്പ്യൂട്ടർ സിമുലേഷനുകൾ, സംവേദനാത്മക വിദ്യാഭ്യാസ സോഫ്റ്റ്‌വെയർ, ഡാറ്റാ വിശകലന ടൂളുകൾ, ഓൺലൈൻ | | | | |

| | | | | |
|---|---|---|---|---|
| വിദ്യാഭ്യാസ പ്ലാറ്റ്ഫോമുകൾ, വെർച്വൽ ലബോറട്ടറി തുടങ്ങിയ പ്രയോഗത്തിന് അനുബന്ധമായി നൽകുന്നതിനും. ആഴത്തിലുള്ള ധാരണ പ്രോത്സാഹിപ്പിക്കുന്നതിനും. ഉപയോഗിക്കുക. | എക്സ്പെർട്ട് ടൂളുകൾ ചേർക്കാനുള്ള അവസരം സൃഷ്ടിക്കുക. | | സയൻസ് അധ്യാപകർ | |
| → വ്യത്യസ്തമായ തന്ത്രങ്ങൾ ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന പഠന ആവശ്യങ്ങൾ പരിഗണിക്കുക | പൊതു ചർച്ചകൾ | | | |
| → അധിക പരിശീലന സാമഗ്രികൾ, ട്യൂട്ടറിംഗ് അല്ലെങ്കിൽ വ്യക്തിഗത നിർദ്ദേശങ്ങൾ തുടങ്ങിയവ ഉൾപ്പെടെ, ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്ക് അധിക പിന്തുണ നൽകുക. | ടൈലറിംഗ് | | | സ്കൂൾ |
| → സ്വതന്ത്ര ഗവേഷണ പ്രോജക്ടുകൾ അല്ലെങ്കിൽ സയൻസ് മത്സരങ്ങളിലെ പങ്കാളിത്തം. പോലുള്ള വിപുലമായ വിദ്യാർത്ഥികൾക്കുള്ള സമ്പുഷ്ടീകരണ അവസരങ്ങൾ പരിഗണിക്കുക. | പ്രോജക്ടുകൾ | | | |

Scanned with OKEN Scanner

## പ്രവർത്തന പദ്ധതിയുടെ വിവരണം

ഹൈസ്കൂൾ രസതന്ത്ര പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതിയിൽ ഇനിപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തുന്നു.

1. ഓരോ യൂണിറ്റിലും വിദ്യാർത്ഥികൾ പഠിക്കേണ്ടതും നേടേണ്ട പ്രധാന ആശയങ്ങളും കഴിവുകളും വ്യക്തമാക്കുന്ന ഒരു പാഠ്യപദ്ധതി മാപ്പ് വികസിപ്പിക്കുക.
2. ഓരോ യൂണിറ്റിലും ഒരു കൂട്ടം പഠനലക്ഷ്യങ്ങൾ സൃഷ്ടിക്കുക.
3. ഉചിതമായ പാഠപുസ്തകങ്ങളും ഉറവിടങ്ങളും തിരഞ്ഞെടുക്കുക.
4. വിദ്യാർത്ഥികളുടെ പഠനനിലവാരം അളക്കുന്നതിനുള്ള ഒരു കൂട്ടം വിലയിരുത്തലുകൾ വികസിപ്പിക്കുക.
5. അധ്യാപകർക്ക് പ്രൊഫഷണൽ വികസനം നൽകുക.

## സംഗ്രഹം

ഹൈസ്കൂൾ കെമിസ്ട്രി പാഠ്യപദ്ധതി വിദ്യാർത്ഥികളെ സ്കൂളിനും അതിനപ്പുറവും തയ്യാറാക്കുന്ന ആകർഷകമായ ഒരു പ്രോഗ്രാം ആയിരിക്കണം. ഇതൊരു മാസ്റ്റർപ്ലാൻ എല്ലാ വിദ്യാർത്ഥികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്ന ഉയർന്ന നിലവാരമുള്ള കെമിസ്ട്രി പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനുള്ള ചട്ടക്കൂട് നൽകുന്നു.

→ രസതന്ത്രത്തിലെ വിദ്യാർത്ഥികളുടെ മുൻ അറിവിന്റെ നിലവാരം
→ ലബോറട്ടറി ഉപകരണ ലഭ്യത

എന്നിവ അധിക പരിഗണനയിൽ ഉൾപ്പെടുത്തുന്നു.

Scanned with OKEN Scanner

# ACADEMIC MASTER PLAN - ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അത്ഭുത കണ്ണിലൂടെ — കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കൽ | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | ക്ലാസുകളിൽ ലഘു പ്രോജക്ടുകൾ കൊടുത്ത് മെച്ചപ്പെടുത്ത് പൊതു വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ്. |
| 2. ശാസ്ത്രലോകത്തേക്ക് നിരന്തരമായ ചർച്ചകൾ ശാസ്ത്ര കൗതുകം വളർത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകളും അധിക വിവരങ്ങളും അവതരിപ്പിച്ച് അവ പൊതു വേദികളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3. ഹൈടെക് വേൾഡ് : മാനവികതയിൽ ഊന്നിയ ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക തുടങ്ങിയവയുടെ വായന പ്രോത്സാഹിപ്പിക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | P.T.A. |
| | സയൻസ് ലാബ്, ഐ.ടി ലാബ് എന്നിവ ആധുനികവത്കരിക്കൽ | | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 4. <u>പ്രകൃതിയിലേക്ക്</u> – പ്രകൃതി സൗഹൃദ ജീവിതം നയിക്കുന്നതിന് പ്രകൃതിയോട് ചേർന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്. | • സ്കൂളിലും പരിസരങ്ങളിലും ഉള്ള ചെടികളുടെയും മരങ്ങളുടെയും സംരക്ഷണം, പൂന്തോട്ടം, ഔഷധത്തോട്ടം തുടങ്ങിയവയുടെ നിർമാണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| | • പ്ലാസ്റ്റിക് മാലിന്യത്തിന്റെ കൃത്യമായ തരംതിരിച്ചുള്ള നിർമാർജനം. | അക്കാദമിക വർഷം | എല്ലാ കുട്ടികളും | — |
| | • മാലിന്യത്തിന്റെ കൃത്യമായ തരംതിരിക്കലും വീടുകളിലെ മാലിന്യ നിർമാർജനത്തിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് പ്രാപ്തരാക്കുക. | | | |
| 5. <u>ശുചിത്വം</u><br>വ്യക്തിശുചിത്വം, പരിസര ശുചിത്വം, സാമൂഹ്യ ശുചിത്വം തുടങ്ങിയ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് | • സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കൽ.<br>• പരിസരത്ത് അറിയിപ്പുകൾ എഴുതി ഒട്ടിക്കൽ<br>• വ്യക്തിശുചിത്വം പാലിക്കുന്നതിന് ആരോഗ്യ ശീലങ്ങൾ | അക്കാദമിക വർഷം. | കുട്ടികൾ അധ്യാപകർ | സയൻസ് ക്ലബ്ബ് |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## കലാവിദ്യാഭ്യാസം

**ആമുഖം:**

കലാപഠനം മനുഷ്യന്റെ സർഗശേഷിയെ മെച്ചപ്പെടുത്തുന്നതോടൊപ്പം തലച്ചോറിന്റെ ഗുണാത്മക വളർച്ചയെ ഏറെ സഹായിക്കുകയും ചെയ്യുന്നതായി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കുട്ടികളുടെ തനതായ കലയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നമുക്ക് നല്ലൊരു സമൂഹത്തെ വാർത്തെടുക്കാനാവും. കലക്ക് ഒരു ഭാഷയേ ഉള്ളൂ, അത് സാർവലൗകിക ഭാഷയാണ്. ലോകത്തിന്റെ ഏത് ഭാഗത്തുള്ള കുട്ടികളുടെയും രചനാരീതി ഒന്നു തന്നെയാണ്. അതിനാൽ ലോകത്തെവിടെയുമുള്ള കുട്ടികൾക്ക് ലഭിക്കുന്ന പഠനാനുഭവങ്ങൾ നമ്മുടെ കുട്ടികൾക്കും ലഭിക്കേണ്ടതുണ്ട്. ഇതിലൂടെ കാലുഷ്യരഹിതമായ ഒരു സമൂഹത്തെ വാർത്തെടുക്കാനാവും.

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും കല ആസ്വദിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കുക.
- എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചു കൊണ്ട് പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം തുല്യനീതി എന്നിവ ഉറപ്പുവരുത്തുക.
- കലാ പ്രവർത്തനത്തിലൂടെ സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.
- സംഗീതം, ചിത്രകല, നൃത്തം, നാടകം, സിനിമ ഇവയെ അടുത്തറിയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
- സമീപ പ്രദേശങ്ങളിലെ മികച്ച കലാകാരന്മാരെ ആദരിക്കുക. അവരുടെ സേവനം പ്രയോജനപ്പെടുത്തുക.

Scanned with OKEN Scanner

- കലാപ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് നല്ലതും മികച്ചതുമായ സന്ദേശങ്ങൾ നൽകുക. സഹാനുഭൂതി, സ്നേഹം, സഹിഷ്ണുത, ആർദ്രത എന്നീ മനോഭാവങ്ങൾ വളർത്തുക.
- ടാലന്റ് ലാബ് എന്ന ആശയത്തിലൂടെ മികച്ച കുട്ടികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എല്ലാ വിഭാഗം കുട്ടികൾക്കും കല ആസ്വദിക്കുന്നതിനും പ്രയോഗവത്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കുക. | 1. ആർട്ട് ക്ലബ്ബുകൾ രൂപീകരിക്കുന്നു.<br>2. ICT സാധ്യത ഉപയോഗപ്പെടുത്തി വിവിധ കലകളെ പരിചയപ്പെടുത്തുന്നു.<br>3. കലാപ്രദർശനങ്ങൾ ഒരുക്കുന്നു. (ചിത്രം, സിനിമ etc.)<br>4. ആർട്ട് ഗാലറി സന്ദർശിക്കുന്നു. (സമീപ പ്രദേശത്തുള്ള)<br>5. ദിനാചരണങ്ങളുടെ ഭാഗമായുള്ള മത്സരങ്ങൾ നടത്തുന്നു. (പോസ്റ്റർ, കൊളാഷ്, ക്വിസ് etc) | |
| എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് ലിംഗസമത്വം തുല്യനീതി എന്നിവ ഉറപ്പാക്കുന്നു. | ഗ്രൂപ്പ് പ്രവർത്തനം.<br>1. കലാപതിപ്പുകൾ, ചുമർ പത്രങ്ങൾ എന്നിവ തയ്യാറാക്കുന്നു.<br>2. കളിമൺ ശില്പശാല<br>3. സമൂഹത്തിന് മികച്ച സന്ദേശങ്ങൾ നൽകുന്ന ഗ്രൂപ്പ് പ്രകടനങ്ങൾ ഒരുക്കുന്നു. (ലഹരിക്കെതിരെ, ബാലവേല)<br>4. സൃഷ്ടികൾ പ്രദർശിപ്പിക്കാനുള്ള Space സ്കൂളിൽ നൽകുന്നു. | |

Scanned with OKEN Scanner

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| കലാപ്രവർത്തനത്തിലൂടെ സമൂഹത്തിന് മികച്ച സന്ദേശങ്ങൾ നൽകുക. സഹജീവിസ്നേഹം, സഹിഷ്ണുത എന്നിവ വളർത്തുക. | ഗ്രൂപ്പ് പ്രവർത്തനം<br>• സ്കൂൾ ചുമരുകൾ, മതിലുകൾ എന്നിവിടങ്ങളിൽ നല്ല സന്ദേശങ്ങൾ നൽകുന്ന ചുമർചിത്രങ്ങൾ (ഗ്രാഫിറ്റി) തയ്യാറാക്കുന്നു.<br>• പ്ലാസ്റ്റിക് വിപത്തിനെതിരെ ഇൻസ്റ്റലേഷൻ തയ്യാറാക്കി ബോധവത്കരണത്തിൽ പങ്കാളികളാകുന്നു.<br>• പഴയകാലത്തെ നാട്ടുകലാകാരന്മാരെ ആദരിക്കുന്നു. അവരുടെ അനുഭവങ്ങൾ കേൾക്കുന്നു. | |
| സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ വികസന പ്രവർത്തനങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കുക. | • സ്കൂളിലെ പൂന്തോട്ടത്തിന്റെ സൗന്ദര്യവൽക്കരണത്തിൽ പങ്കാളികളാകുന്നു. (ശില്പങ്ങൾ, ഇരിപ്പിടങ്ങൾ etc...)<br>• സ്കൂൾ ചുമരുകളിൽ കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്ന വചനങ്ങൾ എഴുതുന്നു.<br>• പ്രാദേശിക വിദഗ്ദരുടെയും കലാകാരന്മാരുടെയും, രക്ഷിതാക്കളുടെയും സേവനം ഉപയോഗപ്പെടുത്തുന്നു. | |
| എല്ലാ വിഭാഗം കുട്ടികളെയും പരിഗണിക്കുന്നതിനോടൊപ്പം മികച്ചവരെ കണ്ടെത്തുന്നു. പ്രോത്സാഹനം നൽകുന്നു. | • ടാലന്റ് ക്യാമ്പ് പ്രവർത്തനങ്ങളിലൂടെ മികച്ച പരിശീലനം നൽകുന്നു. ആത്മവിശ്വാസം നൽകുന്നു.<br>• ചിത്രകലാ ക്യാമ്പ് സംഘടിപ്പിക്കുന്നു. എല്ലാ കുട്ടികൾക്കും കാണുവാനും വരക്കുവാനുമുള്ള അവസരം സൃഷ്ടിക്കുന്നു. | |

Scanned with OKEN Scanner

## കലാവിദ്യാഭ്യാസം - പ്രശ്നങ്ങൾ

- കലാവിദ്യാഭ്യാസം എല്ലാ ക്ലാസുകളിലും ഫലപ്രദമായി നടപ്പാക്കുന്നതിന് അനുവദിച്ച പിരിയഡ് അപര്യാപ്തമാണ്.

- കുട്ടികൾ കലയെ കൂടുതൽ അടുത്തറിയുന്നതിനായി സ്കൂളുകളിൽ ആർട്ട് ഗാലറി, ആർട്ട് സ്റ്റുഡിയോ എന്നിവ ഉണ്ടാവേണ്ടതുണ്ട്.

- കലാവിദ്യാഭ്യാസം ഫലപ്രദമായി നടപ്പാക്കുന്നതിനായി (ചിത്രചുമരുകൾ, ഉദ്യാനം, പഠനസാമഗ്രികൾ) ആവശ്യമായ ഫണ്ട് ഓരോ വർഷവും വകയിരുത്തേണ്ടതുണ്ട്.

Scanned with OKEN Scanner